# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2746 14.02.2013 - ൽ മറുപടിക്ക്

## കേരള വാട്ടർ അതോറിറ്റിയിലെ ഇ-ഗവേണൻസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എളമരം കരീം | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

(എ) കേരള വാട്ടർ അതോറിറ്റി യിലെ ABACUS സോഫ്റ്റ് വെയർ ഏതു വർഷമാണ് ആരംഭിച്ചത്; ABACUS ന് വേണ്ടി ഡെവലപ്മെന്റ്, മെയിന്റനൻസ്, എൻ.ഐ.സി സ്റ്റാഫിന്റെ ശമ്പളം എന്നീ ഇനങ്ങളിൽ ഓരോ വർഷവും എത്ര തുക വീതം ചെലവാക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(എ) കേരള വാട്ടർ അതോറിറ്റിയിൽ 2008-ൽ ABACUS സോഫ്റ്റ്വെയർ ഉപയോഗിച്ചു തുടങ്ങി. കേരള വാട്ടർ അതോറിറ്റിയിൽ ABACUS സോഫ്റ്റ് വെയർ വഴി പൊതുജനങ്ങൾക്ക് കുടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി പുതിയ മോഡ്യൂളുകൾ വികസിപ്പിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ NICSI മുഖേന ഈ മേഖലയിൽ വൈദഗ്ദ്ധ്യമുള്ള പ്രോഗ്രാമർ മാരുടെ സേവനം ഉപയോഗപ്പെടുത്തുകയും അവരുടെ വേതനം ഇനത്തിൽ NICSI യ്ക്ക് 2009-ൽ 13.5 ലക്ഷം രൂപയും, 2010-ൽ 17,29,668 രൂപയും, 2011- ൽ 18,25,764 രൂപയും 2012-ൽ 5,98,867 രൂപയും നൽകിയിട്ടുണ്ട്.

(ബി) ABACUS ന്റെ പ്രവർത്തന വുമായി ബന്ധപ്പെട്ട് എൻ.ഐ.സി യുടെ ജീവന ക്കാർ കേരള വാട്ടർ അതോറിറ്റിയിൽ ജോലി ചെയ്യുന്നുണ്ടോ ; ഇവർക്ക് പകരമായി കേരള വാട്ടർ അതോറിറ്റിയിലെ സ്ഥിരം ജീവനക്കാർക്ക് പരിശീ ലനം നൽകി അവരെ ABACUS ന്റെ ചുമതല ഏൽപ്പിക്കാൻ ഉദ്ദേശിക്കു ന്നുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന് വിശദമാക്കുമോ;

(ബി) സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിന് വൈദഗ്ദ്ധ്യം ലഭിച്ച വാട്ടർ അതോറിറ്റി ജീവനക്കാരുടെ അഭാവത്തിലാണ് കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ NICSI മുഖേന സേവനം ലഭ്യമാക്കുന്നത്. ABACUS പ്രവർത്തനത്തിനായി ഇതുമായി ബന്ധപ്പെട്ട എല്ലാ വിഭാഗം വാട്ടർ അതോറിറ്റി ജീവനക്കാർക്കും വിപുലമായ പരിശീലനം നൽകി ചുമതല ഏൽപ്പിച്ചു വരുന്നു.

(സി) കേരള വാട്ടർ അതോറിറ്റി യിലെ ഐ.ടി മാസ്റ്റർ പ്ലാൻ അനുസരിച്ച് ഒരു ഡെപ്യൂട്ടി ചീഫ് എഞ്ചിനീ യർക്ക് ഐ.ടി യുടെ പൂർണ്ണചുമതല കൊടുത്തി ട്ടുണ്ടോ ;

(സി) കേരള വാട്ടർ അതോറിറ്റിയിൽ നിലവിൽ ചീഫ് എഞ്ചിനീയർ പദവിയിലുള്ള ചീഫ് എഞ്ചിനീയർ (എച്ച്ആർഡി&ജിഎൽ) ന്റെ കീഴിലാണ് ഐ.ടി യൂണിറ്റ് പ്രവർത്തിക്കുന്നത്.

| | | | |
|---|---|---|---|
| (ഡി) | ഡി.ബി.എ യുടെ തസ്തികയിൽ സ്ഥിരം നിയമനത്തിനായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; | (ഡി) | ഇല്ല. കേരള വാട്ടർ അതോറിറ്റിയിൽ ടെക്നിക്കൽ സ്പെഷ്യൽ റൂൾസ് നിലവിൽ വരാത്തതിനാൽ ഡി.ബി.എ യുടെ നിയമനത്തിനായി പി.എസ്.സി യ്ക്കു റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ഇ) | ABACUS ഏതെല്ലാം ഓഫീസുകളിലേക്കാണ് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നത് ? | (ഇ) | വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള 25 റവന്യു ഡിവിഷനുകളിലും,78 സബ് ഡിവിഷനുകളിലും. സെക്ഷനുകളിലും ABACUS വ്യാപിപ്പിക്കുവാൻ നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ